# REVELATION

## CHAPTER - 9

5 ഉം 6 റും കാഹളങ്ങളെപ്പറ്റിയാണ് 9-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ആദ്യ 4 കാഹ ളങ്ങളെ പറ്റി വിവരിക്കുവാൻ 6 വാക്യങ്ങൾ (Rev.8:7-12) മാത്രമേ യോഹന്നാൻ ഉപയോഗി ക്കുന്നുള്ളൂവെങ്കിൽ 5 നും 6 നുമായി ഒരദ്ധ്യായം മുഴുവൻ നീക്കിവെച്ചിരിക്കുന്നു. ഇത് ബാധ കളുടെ ഗൗരവത്തെ കാണിക്കുന്നു.

ആദ്യ നാലു ബാധകൾ - പ്രകൃതിനാശം

അവസാന 3 എണ്ണം - മനുഷ്യനെ നേരിട്ടു ബാധിക്കുന്നവ

**TRUMPET 5**

Rev.9:1 ***അഞ്ചാമത്തെ ദൂതൻ ഊതി; അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണു കിടക്കുന്നതു ഞാൻ കണ്ടു; അവന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു.***

8:10 ൽ പറയുന്ന നക്ഷത്രത്തിൽ നിന്നും വ്യത്യസ്തമാണിത്

നക്ഷത്രത്തെ "അവൻ" എന്നു വിളിച്ചിരിക്കുന്നു. Why?

ഇന്ന് Athlets ന് 'Star' എന്നു പറയും. Actors നും 'Star' എന്നു പറയും. അപ്പോൾ ഈ "നക്ഷത്രം" എന്നു പറഞ്ഞിരിക്കുന്നത് ഒരു വ്യക്തിയെയാണ്.

Rev.9:11 അഗാധദൂതൻ അതിന്നു രാജാവായിരുന്നു;

9:11 ൽ അവൻ ഒരു രാജാവ് ആണെന്നു പറയുന്നു. അവൻ ആര്? Satan സാത്താൻ. അവനെ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കി. ഭൂമിയിലേക്കു തള്ളിയിട്ടു. ആകാശത്തു നിന്നും ഭൂമിയി ലേക്കു വീണു കിടക്കുന്ന ഈ നക്ഷത്രം സാത്താൻ.

യെശയ്യാവ് ഇതു ആത്മാവിൽ കണ്ടു.

Isa.14:12-17 അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തി ക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! " ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തി യിൽ സമാഗമ പർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും. നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി; ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂത ലത്തെ മരുഭൂമി പോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തന്റെ ബദ്ധ ന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും.

Luke.10:18 അവൻ അവരോടു: സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നും വീഴുന്നതു ഞാൻ കണ്ടു.

അവനെന്തു ലഭിച്ചു. - അഗാധകൂപത്തിന്റെ താക്കോൽ. "Shaft of the Abyss" Bottomless pit. ABYSS- ഭൂതങ്ങളുടെ പാർപ്പിടം.

വീണുപോയ സാത്താന്റെ അധിവാസം പാതാളം അഥവാ അഗാധകൂപമാണ്

Luke.8:31 പാതാളത്തിലേക്കു (Abyss) പോകുവാൻ കല്പിക്കരുത് എന്ന് അവ അവനോടു അപേക്ഷി ച്ചു. (ഗരസേന്യദേശത്തെ ഭൂതഗ്രസ്തൻ)

ഭൂമിയിൽ അസ്വസ്ഥതയും, ഭയവും അസമാധാനവും ആത്മഹത്യാ ശ്രമവും (Rev 9:6) ഉളവാ ക്കുകയാണ് സാത്താന്റെ ജോലി.

Rev.20:1-3 അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചു കൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും


Fleettech, Puthuppally 0481 2351 626
www.gospelinmalayalam.com

എന്നുള്ള പഴയ പാമ്പായ മഹാ സർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു.

സാത്താനെ ഇവിടെയാണ് സഹസ്രാബ്ദവാഴ്ചയിൽ ബന്ധിക്കുന്നത്. Where is he now?

**ആകാശമണ്ഡലത്തിൽ - Eph:2:1,2**

Rev.9:2 ***അവൻ അഗാധകൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽ നിന്നു പുകപൊങ്ങി; കൂപത്തിന്റെ പുകയിൽ സൂര്യനും ആകാശവും ഇരുണ്ടുപോയി.***

സാത്താൻ അഗാധകൂപം തുറന്നിട്ട് അതിലുള്ള ഭൂതങ്ങളെ (അശുദ്ധാത്മാക്കളെ) ഭൂമിയിലേക്ക് അയയ്ക്കുന്നു. ഇതിനെ പുകപോലെ യോഹന്നാൻ കണ്ടു. അതിന്റെ പുകയാൽ ആകാശവും സൂര്യനും ഇരുണ്ടു പോയി. ദൈവിക മുദ്രയില്ലാത്തവരെ ഉപദ്രവിക്കുകയാണ് അവയുടെ ദൗത്യം..

പുതിയനിയമത്തിൽ അഗാധകൂപത്തെ പറ്റിയുള്ള 9 പരാമർശങ്ങളിൽ 7 എണ്ണവും വെളിപ്പാടു പുസ്തകത്തിലാണ്.

1,2. 9:1, 3

3. വെട്ടുക്കിളിയും അവരുടെ രാജാവും (9:11)

4,5. ആഴത്തിൽ നിന്നും കയറിവരുന്നമൃഗം 11:7, 17:8

6,7. സാത്താനെ നിത്യമായി ബന്ധിക്കുവാനുള്ള സ്ഥലം 20:1, 3

8. ഇവിടേയ്ക്ക് അയയ്ക്കരുതെന്ന് അശുദ്ധാത്മാക്കൾ യേശുവിനോട് അപേക്ഷിക്കുന്നു. (ലൂക്കോ 8:31)

9. മരിച്ചവർ അധിവസിക്കുന്ന സ്ഥലം റോമർ 10:7

Rev.9:3 ***പുകയിൽ നിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിനു ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചു.***

വെട്ടുക്കിളി - ഈജിപ്തിലെ 10 ബാധകളിൽ പ്രധാനപ്പെട്ടതായിരുന്നു ഇത് (**പുറ:10:14,15**)

പഴയനിയമത്തിൽ വെട്ടുക്കിളി നാശത്തിന്റെ പ്രതീകമാണ്

ആവ.28:38 നീ വളരെ വിത്തു നിലത്തിലേക്കു കൊണ്ടുപോകും. എന്നാൽ വെട്ടുക്കിളി തിന്നുകളകകൊണ്ടു കുറെ മാത്രം കൊയ്യും.

സങ്കീ.78:46 അവരുടെ വിള അവൻ തുള്ളന്നും അവരുടെ പ്രയത്നം വെട്ടുക്കിളിക്കും കൊടുത്തു.

യോവേൽ.1:2 മൂപ്പൻമാരേ, ഇതു കേൾപ്പിൻ; ദേശത്തിലെ സകല നിവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ; നിങ്ങളുടെ കാലത്തോ നിങ്ങളുടെ പിതാക്കൻമാരുടെ കാലത്തോ ഇങ്ങനെ സംഭവിച്ചിട്ടുണ്ടോ? തുള്ളൻ ശേഷിപ്പിച്ചതു വെട്ടിക്കിളി തിന്നു....

**ഭൂതങ്ങൾ ഭൂമിയിലുള്ള മനുഷ്യരെ ഉപദ്രവിക്കാൻ തുടങ്ങുന്നു.**

Rev.9:4 ***നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായ തൊന്നിനും യാതൊരു വൃക്ഷത്തിനും കേടു വരുത്തരുതു എന്നു അതിനു കല്പന ഉണ്ടായി.***

അത് ആർക്കെല്ലാം കേടുവരുത്തും? പുല്ലിനു കേടു വരുത്തുകയില്ല. വൃക്ഷത്തിനില്ല.

പച്ചയായ ഒന്നിനും കേടുവരുത്തുകയില്ല- വെട്ടുക്കിളിയുടെ ആകൃതി. പക്ഷെ സ്വഭാവം വെട്ടുക്കിളിയുടെതല്ല- തേളിന്റെ സ്വഭാവം- വേദനിപ്പിക്കുന്ന കുത്തൽ- അസഹനീയമായ വേദന തേൾകുത്തിയാൽ ഉണ്ടാകും. അഗാധകൂപത്തിൽ നിന്നും പുറപ്പെട്ടിട്ടുള്ള ഭൂതാത്മാക്കൾക്കു നെറ്റിയിൽ ദൈവത്തിന്റെ മുദ്രയുള്ളവരെ കുത്തുവാൻ അധികാരം ഇല്ല. അവരെ തൊടാൻ Permission ഇല്ല. ബാക്കിയുള്ള മനുഷ്യരെ കുത്താം.

www.gospelinmalayalam.com

www.gospelinmalayalam.com

ആരാണ് ഈ മുദ്രയുള്ളവർ- 7-ാം അദ്ധ്യായത്തിൽ നാം കണ്ടു 144000 പേർ യിസ്രായേലിൽ (മറ്റു ജാതിയിൽ നിന്നും ആ നാളുകളിൽ കർത്താവിൻ വിശ്വസിക്കുന്നവർ ഉണ്ട്. അവർക്കു ഈ protection ഉണ്ടായിരിക്കും എന്ന് പല Scholars ഉം കരുതുന്നു.)

Rev: 9:5 ***അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡിപ്പിപ്പാനത്രേ അതിനു അധികാരം ലഭിച്ചതു; അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ.***

മുദ്രകുത്തപ്പെടാത്തവർ വെട്ടുക്കിളിയാൽ ഉപദ്രവിക്കപ്പെടുമ്പോൾ തേൾകുത്തുന്ന വേദനയാണ് അവർ അനുഭവിക്കുന്നത്. ശാരീരിക വേദനയേക്കാൾ ഉപരി ആത്മീക വേദനയാണ് അവർ അനുഭവിക്കുന്നത്. അവിശ്വാസികളുടെ മനോവേദനയാണ്.

വെട്ടുക്കിളിയുടെ ഉപദ്രവം മാനസാന്തരത്തിന് (5-10). തിന്മയിൽ ജീവിക്കുന്നവരെ ഉപദ്രവിക്കുവാനല്ലാതെ കൊല്ലുവാനല്ല അവ പുറപ്പെട്ടത്

How long ഇതെത്രനാൾ? 5 മാസം = 5 X 30= 150 ദിവസം.

Great Tribulation

|← 1150 → ← 1150 →

3 1/2 years 3 1/2 years

Rev: 9:6 ***ആ കാലത്തു മനുഷ്യർ 'മരണം' അന്വേഷിക്കും; കാണ്കയില്ലതാനും; മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും.***

ഈ സമയം മരണം ആഗ്രഹിക്കും. എന്നാൽ മരിപ്പാൻ കഴിയുകയില്ല. കഠിനവേദന സഹിക്കേണ്ടി വരും. നീക്കുപോക്കില്ല.

Rev: 9:7-9 ***വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിനു ചമയിച്ച കുതിരക്കു സമം; തലയിൽ പൊൻകിരീടം ഉള്ളതുപോലെയും മുഖം മാനുഷമുഖംപോലെയും ആയിരുന്നു. സ്ത്രീകളുടെ മുടി പോലെ അതിന്നു മുടി ഉണ്ടു; പല്ലു സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു. ഇരുമ്പുകവചം പോലെ കവചം ഉണ്ടു; ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു.***

ഈ ജീവിയുടെ വർണ്ണന: വെട്ടുക്കിളി- യുദ്ധത്തിനു ചമയിച്ച കുതിരക്കുസമം-തലയിൽ പൊൻകിരീടം ഉള്ളതുപോലെ, മുഖം മനുഷ്യമുഖം പോലെ - സ്ത്രീകളുടെ മുടിപോലെ മുടി -സിംഹത്തിന്റെ പല്ലുപോലെയുള്ള പല്ല്. ഇരുമ്പുകവചം പോലെ കവചം- ചിറകിന്റെ ഒച്ച പടക്കുപുറപ്പെടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ച. തേളിന്റെ വാല്-വിഷമുള്ള്. ഇവ സാത്താന്റെ സൈന്യം തന്നെ. ഭീകരവും ഭയാനകരവുമായ ഒരു വിഷമസന്ധിയിലൂടെ കർത്താവിനെ നിഷേധിച്ച മനുഷ്യവർഗ്ഗം കടന്നപോകും വെട്ടികിളിയെപ്പോലെവേഷം ധരിച്ച്, സാത്താന്റെ ഭുതൻമാർ മനുഷ്യരെ ഉപദ്രവിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. യോഹന്നാൻ കണ്ടത് വിവരിച്ചെഴുതി. ഇതിന്റെ ഓരോ "രൂപത്തിന്റെയും interpretation" എന്തെന്ന് നമുക്ക് വിവരിച്ചു തന്നിട്ടില്ല. *എങ്കിലും ഇങ്ങനെയും ഒരു വ്യാഖ്യാനമുണ്ട്.*

ആ പൈശാചിക ജീവികളുടെ എട്ടു പ്രത്യേകതകൾ.

1. യുദ്ധത്തിനു ചമയിച്ച കുതിര - യുദ്ധക്കുതിരയെപ്പോലെ ലക്ഷ്യത്തിലേക്കും മുന്നേറുന്നത്
2. പൊൻകിരീടം - വിജയിച്ച സൈന്യത്തിന്റെ പ്രതീകം
3. മാനുഷമുഖം - ബുദ്ധിയുടെ പ്രതീകം
4. കെട്ടിവെക്കാത്ത നീണ്ടമുടി - അപരിഷ്കൃതരുടെ അടയാളം
5. സിംഹത്തിന്റെ പല്ലുകൾ - ക്രൂരത
6. കവചം - അജയ്യത, ആക്രമണത്തിനുള്ള തയ്യാറെടുപ്പ്
7. ചിറകുകളുടെ ശബ്ദം - വഴിയിലുള്ളവയെ ആക്രമിച്ചു മുന്നേറുന്ന സൈന്യത്തിന്റെ ശബ്ദം
8. വിഷമുള്ളവാൽ - മരണകരമായ നിരാശ നൽകുന്നു

എന്തായാലും ഒന്നു തീർച്ച- സാത്താൻ അധികാരം സ്ഥാപിക്കാനായി തന്റെ സൈന്യവുമായി ഇറങ്ങിയിരുന്നു. സാത്താന്റെയും അവന്റെ ഭൂതങ്ങളുടേയും തേർവാഴ്ച ഭൂമിയിൽ നടക്കുന്നു.

Rev.9:10 ***തേളിനുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചുമാസം ഉപദ്രവിപ്പാൻ അതിനുള്ള ശക്തി വാലിൽ ആയിരുന്നു.***

കർത്താവിനെ നിഷേധിച്ച മാനവ വർഗ്ഗം ഭീകര ദശയിലൂടെ കടന്നുപോകും. 150 ദിവസം ഇതു നടന്നു കൊണ്ടിരിക്കും. - ഹാ എത്രയോ കഷ്ടം- ഇവർക്ക്, ഈ ഭൂതങ്ങൾക്കു്, ഈ വെട്ടുക്കിളിയുടെ വേഷത്തിൽ ഭൂമിയിൽ തേർവാഴ്ച നടത്തുന്നവർക്ക് ഒരു രാജാവുണ്ട്.

Rev.9:11 ***അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന്നു എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ.***

വെട്ടുക്കിളിക്കു രാജാവില്ലന്ന് സദൃശ്യവാക്യത്തിൽ പറയുന്നു.

Prov.30:27 വെട്ടുക്കിളിക്ക് രാജാവില്ല എങ്കിലും അവയൊക്കെയും അണിയണിയായി പുറപ്പെടുന്നു.

ഈ ഭൂതങ്ങൾക്ക് രാജാവ് - അവന്റെ പേരു **Apollyon-Abaddon**- Means "Distroyer" തകർക്കുന്നവൻ.

Math.24:21 ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും.

ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്ത വലിയ കഷ്ടം അന്നുണ്ടാകും. സാത്താൻ തന്റെ തനിനിറം ലോകജാതിയെ കാണിക്കുന്നു. അവൻ തകർക്കുന്നവൻ ആണ്. നാശകൻ ആണ്. ഇന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെയും ലോകത്തെയും എത്രമാത്രം കാക്കുന്നു.

2Thess2:6-7 അവൻ സമയത്തിനു മുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന്നു ഇപ്പോൾ തടുക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; ഇതു വരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോക മാത്രം വേണം.

ഇപ്പോൾ തടുക്കുന്നവൻ വഴിയിൽ ഉണ്ട്. നമ്മെ കാക്കുന്ന ദൈവ പരിപാലന പദ്ധതി എത്രയോ ശ്രേഷ്ഠം. അതിനായി നമുക്കു ദൈവത്തിനു സ്തോത്രം കരേറ്റാം.

Rev.9:12 ***കഷ്ടം ഒന്നു കഴിഞ്ഞു; ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു.***

5-ാം കാഹളത്തെ "കഷ്ടം-ഒന്ന് " എന്നാണു വിവരിച്ചത്. അതു കഴിഞ്ഞാൽ രണ്ടു "കഷ്ടം" പിന്നാലെ വരുന്നു.

**TRUMPET 6**

Rev.9:13-14 ***ആറാമത്തെ ദൂതൻ ഊതി; അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണ പീഠത്തിന്റെ കൊമ്പുകളിൽ നിന്നു ഒരു ശബ്ദകാഹളമുള്ള ആറാം ദൂതനോടു: യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിടുക എന്നു പറയുന്നതു ഞാൻ കേട്ടു.***

ധൂപപീഠത്തിന്റെ നാലു കോണുകളിലുള്ള കൊമ്പുകൾ (പുറ: 27:2; 30:2), ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ബലിപീഠത്തിലുണ്ടന്നുള്ളതിന്റെ അടയാളമാണ്. വിശുദ്ധൻമാരുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയായിട്ടു കൂടിയാണ് ധൂപപീഠത്തിൽ നിന്നു കല്പനയുണ്ടാകുന്നത് (6:9) യുഗാന്ത്യ സംഭവങ്ങൾ അരങ്ങേറുന്നതിൽ ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക് ഒരു പ്രധാന പങ്കുണ്ടെന്നു യോഹന്നാൻ വ്യക്തമാക്കുന്നുണ്ട് (6:9; 16:7).

4 ദൂതന്മാരെ അഴിച്ചു വിടുന്നു. യുഫ്രത്തീസ് നദീതീരത്ത്.

ഇവർ ആർ - സാത്താന്റെ ദൂതന്മാർ. അവരെ എപ്പോൾ മുതൽ ബന്ധിച്ചു എന്നറിയില്ല. "Cheif Demons"

കാഹളമോതുന്ന ദൂതൻമാർ നേരിട്ടു പ്രവർത്തിക്കുന്നതായി ഇതുവരെ പറഞ്ഞിട്ടില്ല. എന്നാൽ കല്പന അനുസരിച്ച് ആറാമത്തെ ദൂതൻ തന്നെ നാശത്തിന്റെ നാലുദൂതന്മമാരെ അഴിച്ചുവിടുന്നു. ഈ നാലു നാശദൂതൻമാർ ആരാണന്നു വ്യക്തമല്ല. Rev 7:1- ൽ മരുഭൂമിയുടെ കോണുകളിൽ നാലു കാറ്റും പിടിച്ചുകൊണ്ട് നിൽക്കുന്ന ദൂതൻമാരെ കാണാം.

www.gospelinmalayalam.com

www.gospelinmalayalam.com

ഇവിടെ കാണുന്ന നാലു പേർ യൂഫ്രട്ടീസ് നദീതീരത്ത് ബന്ധിതരായി കഴിയുന്നവരാണ്. 'നാലുപേർ' എന്നു പറയുന്നത്, അവരുടെ നാശ പ്രവർത്തനം ലോകമെങ്ങും (നാനാഭാഗത്തും) വ്യാപിച്ചിരിക്കുമെന്നതിന്റെ സൂചനയാണ്.

അവരുടെ Release കൃത്യമായി Plan ചെയ്തിരുന്നു. സാത്താൻ ഭൂമിയിലുണ്ട്. അധോലോകത്തിന്റെ പൂട്ട് അവനു തുറക്കാനുള്ള അനുവാദം കൊടുക്കയും ചെയ്തു. അവന്റെ പ്രവൃത്തിയുടെ ഒരു പ്രദർശനമാണ് നാം ഈ "കാഹള ന്യായവിധി"യുടെ സമയം കാണുന്നത്. സാത്താന് ഈ ലോകത്തോട് എന്തു ചെയ്യാൻ സാധിക്കും.

Rev.9:15 ***ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാസം, ദിവസം, നാഴികെക്കു ഒരുങ്ങിയിരുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു.***

'അവരെ കെട്ടിയിട്ടിരിക്കുന്നു' എന്നതിന്റെ അർത്ഥം, സ്വമേധയാ പ്രവർത്തിക്കുവാൻ അവയ്ക്കു കഴിവില്ലാ എന്നും, ദൈവനിശ്ചയപ്രകാരം ' ആണ്ട്, മാസം, ദിവസം, നാഴിക' യനുസരിച്ച് മാത്രമേ അവയ്ക്ക് പ്രവർത്തിക്കാനാവൂ എന്നുമാണ്.

-മനുഷ്യരിൽ 1/3 നെ കൊല്ലുവാൻ ഈ അവസരം അവൻ ഉപയോഗിച്ചു.

-Final military conflict

Rev: 16:12-16 ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കു നിന്നു വരുന്ന രാജാക്കൻമാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൽ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കൻമാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ.- ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജംഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. - അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു.

Dan11:40-45 പിന്നെ അന്ത്യകാലത്തു തെക്കെ ദേശത്തിലെ രാജാവു അവനോടു എതിർത്തുമുട്ടും; വടക്കെ ദേശത്തിലെ രാജാവുരഥങ്ങളോടും കുതിരച്ചേവകരോടും വളരെ കപ്പലുകളോടും കൂടെ ചുഴലിക്കാറ്റുപോലെ അവന്റെ നേരെ വരും; അവൻ ദേശങ്ങളിലേക്കു വന്നു കവിഞ്ഞു കടന്നുപോകും; അവൻ മനോഹരദേശത്തിലേക്കും കടക്കും; പതിനായിരം പതിനായിരം പേർ ഇടറിവീഴും; എങ്കിലും എദോമും മോവാബും അമ്മോന്യശ്രേഷ്ഠൻമാരും അവന്റെ കൈയ്യിൽനിന്നും വഴുതിപ്പോകും. അവൻ ദേശങ്ങളുടെ നേരെ കൈ നീട്ടും; മിസ്രയീംദേശവും ഒഴിഞ്ഞുപോകയില്ല. അവൻ പൊന്നും വെള്ളിയുമായ നിക്ഷേപങ്ങളെയും മിസ്രയീമിലെ മനോഹരവസ്തുക്കളെയും കൈവശമാക്കും; ലൂബ്യരും ക്രൂശ്യരും അവന്റെ അനുചാരികൾ ആയിരിക്കും. എന്നാൽ കിഴക്കുനിന്നും വടക്കുനിന്നും ഉള്ള വർത്തമാനങ്ങളിൽ അവൻ പരവശനാകും; അങ്ങനെ അവർ പലരെയും നശിപ്പിച്ചു നിർമ്മൂലനാശം വരുത്തേണ്ടതിന്നു മഹാക്രോധത്തോടെ പുറപ്പെടും.പിന്നെ അവൻ സമുദ്രത്തിനും മഹത്വമുള്ള വിശുദ്ധപർവ്വതത്തിന്നും മദ്ധ്യേ മണിപ്പന്തൽ ഇടും; അവിടെ അവൻ  അന്തരിക്കും; ആരും അവനെ രക്ഷിക്കയുമില്ല.

[നാലാം മുദ്രപൊട്ടിച്ച സമയത്ത് മനുഷ്യരിൽ $1/4^{th}$ നശിച്ചു. ബാക്കിയുണ്ടായിരുന്ന $3/4^{th}$ ന്റെ $1/3^{rd}$ ഇപ്പോൾ നശിക്കുന്നു- ഈ ന്യായ വിധിയിലൂടെ മാത്രം ലോകജനസംഖ്യയുടെ 1/2 നാശത്തിൽ പെട്ടു.]

Dan.12:1 ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും.

Math.24:21 ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും......

ഈ നാശം സകല മനുഷ്യരുടെയും നാശത്തിൽ കലാശിക്കും മുമ്പ്- കർത്താവിന്റെ മടങ്ങി വരവ് ഉണ്ടാകും.

www.gospelinmalayalam.com

Math.24:22 ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും.

Rev.9:16 ***കുതിരപ്പടയുടെ സംഖ്യ പതിനായിരമടങ്ങു ഇരുപതിനായിരം എന്നു ഞാൻ കേട്ടു.***

10000 x 20000= 200,000,000 = 200Million = 20 crores Army.

നാലു ദൂതൻമാരോടു കൂടി ആക്രമണത്തിനു വരുന്ന കുതിരപ്പടയുടെ സംഖ്യ അവിശ്വസനീയമാണെന്നു പറയാം. യഹോവയുടെ രഥങ്ങളുടെ എണ്ണം 'ആയിരമായിരവും കോടികോടിയുമാകുന്നു.' എന്നു സങ്കീർത്തനത്തിൽ (68:17) പറയുന്നു. ഈ വിവരങ്ങൾ മനസിൽ വെച്ചു കൊണ്ടായിരിക്കാം, കുതിരപ്പടയുടെ സംഖ്യ നൽകിയിരിക്കുന്നത്. ഈ ഭീമമായ സംഖ്യ കുതിരപ്പടയുടെ അജയ്യാവസ്ഥയുടേയും അസാധാരണ ശക്തിയുടേയും സൂചനയാണ്.

യുഫ്രട്ടീസ് നദി വറ്റുവാനുള്ള സംഗതികളെല്ലാം ഇന്നുണ്ട്. ഒന്നുകിൽ വലിയ ഒരു Drought. അല്ലായെങ്കിൽ Dam ന്റെ എണ്ണം കൂടി, നദിയിൽ വെള്ളമില്ലാതെയായി.

200 Million Army സാത്താൻ വശീകരിച്ചു കൊണ്ടുവന്നിരിക്കുന്നു.

കിഴക്കുനിന്നും വടക്കുനിന്നുമുള്ള സൈന്യങ്ങൾ യിസ്രായെലിലേക്കുവരും എന്ന് പ്രവചനങ്ങൾ വേറേയും ഉണ്ട്.

Dan.11:44 എന്നാൽ കിഴക്കുനിന്നും വടക്കുനിന്നും ഉള്ള വർത്തമാനങ്ങളിൽ അവൻ പരവശനാകും; അങ്ങനെ അവർ പലരെയും നശിപ്പിച്ചു നിർമ്മൂലനാശം വരുത്തേണ്ടതിന്നു മഹാ ക്രോധത്തോടെ പുറപ്പെടും. പിന്നെ അവൻ സമുദ്രത്തിനും മഹത്വമുള്ള വിശുദ്ധപർവ്വതത്തിന്നും മദ്ധ്യേ മണിപ്പന്തൽ ഇടും; അവിടെ അവൻ അന്തരിക്കും; ആരും അവനെ രക്ഷിക്കയുമില്ല.

Rev.16:12 ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കൻമാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി.

Rev.9:17-19 ***ഞാൻ കുതിരകളെയും കുതിരപ്പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടതു എങ്ങനെ എന്നാൽ: അവർക്കു തീനിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു; കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽ നിന്നു തീയും പുകയും ഗന്ധകവും പുറപ്പെട്ടു. വായിൽ നിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി. കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു; വാലോ സർപ്പത്തെപ്പോലെയും തലയുള്ളതും ആയിരുന്നു; ഇവയാലത്രേ കേടുവരുത്തുന്നതു.***

Description literal ആകാം. symbolic ആകാം. ഇന്നത്തെ Armoured Vehicles നെ 2000 വർഷം മുമ്പു യോഹന്നാൻ എങ്ങനെ മനസ്സിലാക്കും? ദാനിയേൽ എങ്ങനെ വിവരിക്കും. A "Deadly invading force" moves to Middle East.

കുതിരപ്പടയാളികളുടെ കവചത്തിന്റെ മൂന്നു നിറങ്ങൾ (തീ, രക്തനീലം, മഞ്ഞ) കുതിരകളുടെ വായിൽനിന്നും പുറപ്പെട്ട തീ, പുക, ഗന്ധകം എന്നിവയുമായി യോജിക്കുന്നവയാണ്. ബാധകൾ വരുത്തുന്നതിൽ, കുതിരപ്പടയാളികൾക്കു വലിയ പങ്കൊന്നും കാണുന്നില്ല.

അതെങ്ങനെയും ആകട്ടെ. Net result എന്ത് - വലിയോരു യുദ്ധം നടക്കുന്നു. നാശം വിതറുന്നു. ഭൂമിയിലെ 1/3rd ജനം മരിക്കുന്നു. സർവ്വത്രനാശവും. സമാധാനം ഭൂമിയിൽ നിന്നും നഷ്ടപ്പെടുന്നു.

Rev.9:20 ***ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, കല്ലു, മരം ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടതുമില്ല.***

മനുഷ്യരിൽ മാനസാന്തരം ഉണ്ടായില്ല. അവരുടെ അകൃത്യത്തിൽ തുടരുന്നു.

ഈ ബാധകളിൽ നശിച്ചുപോകാത്ത വീജാതീയർ ദൈവത്തിലേക്കു തിരിയണമെന്ന് ആഗ്രഹിച്ചുവെങ്കിലും അവർ മാനസാന്തരപ്പെട്ടില്ല. ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതുപോലെ (പുറ. 7:13;22) അവർ ദൈവത്തോടു മത്സരിച്ചു. നൻമയിലേക്കു തിരിയാതെ ജീവനുള്ള ദൈവത്തെ വിസ്മരിച്ച്, ഭൂതങ്ങളെയും വിഗ്രഹങ്ങളെയും ആരാധിച്ചുപോന്നു.

ഇല്ലാത്ത ഒരു ദേവന്റെ അടയാളമാണു വിഗ്രഹം. എന്നാൽ സത്യദൈവത്തെ നിഷേധിക്കുന്ന തിന്റെ വ്യക്തമായ പ്രകടനമാണ് അതിനെ ആരാധിക്കുന്നത്.

**Rev:9:21** ***തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല.***

Magic Arts, Evil worship, idol worship, immorality

നാശത്തിൽ നിന്നും സർവ്വ നാശത്തിലേക്ക്- ദുഷ്ടതയിൽ നിന്നും വലിയ ദുഷ്ടതയിലേക്ക് മനുഷ്യൻ വീണു. No change of heart in the major part of Humanity. -6th Trumpet produced fear - But it did not produce repentance.

ജീവനുള്ള ദൈവത്തെ നിഷേധിക്കുന്ന പ്രവർത്തിയായ വിഗ്രഹാരാധന, അസൻമാർഗിക ജീവിതത്തിലേക്കു മനുഷ്യനെ നയിക്കുന്നു.

www.gospelinmalayalam.com